©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂൺ 26<br>26th June 2018<br>1193 മിഥുനം 12<br>12th Mithunam 1193<br>1940 ആഷാഢം 5<br>5th Ashadha 1940 | നമ്പർ<br>No. | 26 |

## PART III

# Dairy Development Department

**ക്ഷീരവികസന വകുപ്പ് തൃശ്ശൂർ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : ശ്രീമതി മിനി രവീന്ദ്രദാസ്,
ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ)

നമ്പർ സി-1458/2016. 2018 മേയ് 30.

വിഷയം:—ക്ഷീര വികസന വകുപ്പ്—തൃശ്ശൂർ ജില്ല—പുഴയ്ക്കൽ ബ്ളോക്കിലെ വരടിയം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 257(ഡി) ആപ്കോസ് പ്രവർത്തനം സമാപ്തീകരിക്കുന്നതിന് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ 71(2) വകുപ്പ് അനുസരിച്ച് സമാപ്തീകരണ ഉദ്യോഗസ്ഥനെ (ലിക്വിഡേറ്ററെ) നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:—പുഴയ്ക്കൽ ക്ഷീരവികസന ഓഫീസറുടെ 15-1-2018-ലെ 65-ാം വകുപ്പ് അന്വേഷണ റിപ്പോർട്ട്.

തൃശ്ശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ളോക്കിലെ വരടിയം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 257(ഡി) ആപ്കോസ് പ്രവർത്തനക്ഷമമല്ലാത്തതിനാലും സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാൻ സംഘത്തിന്റെ പ്രവർത്തന പരിധിയിലും ഗ്രാമപഞ്ചായത്തിലും ക്ഷീര കർഷകരുടെ യോഗം ചേർന്നെങ്കിലും പുനരുജ്ജീവിപ്പിക്കാനുള്ള നടപടികളെല്ലാം പരാജയപ്പെട്ടെന്നും ടി സംഘത്തിന്റെ രജിസ്റ്ററുകളും റിക്കാർഡുകളും പ്രമാണങ്ങളും പരിശോധനയ്ക്ക് ലഭ്യമല്ലായെന്നും ആയതിനാൽ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് നടപടികൾ കൈക്കൊള്ളാവുന്നതാണെന്ന് പരാമർശ പ്രകാരം പുഴയ്ക്കൽ ക്ഷീരവികസന ഓഫീസർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

**ഉത്തരവ്**

മേൽ വിവരിച്ച സാഹചര്യത്തിൽ വരടിയം ക്ഷീരോൽപാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 257(ഡി) ആപ്കോസിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെ 71(2) വകുപ്പിലെ അധികാരമുപയോഗിച്ച് പുഴയ്ക്കൽ ക്ഷീര വികസന ഓഫീസറെ സമാപ്തീകരണ ഉദ്യോഗസ്ഥനായി (ലിക്വിഡേറ്ററായി) നിയമിച്ച് ഉത്തരവാകുന്നു. സമാപ്തീകരണ ഉദ്യോഗസ്ഥൻ (ലിക്വിഡേറ്റർ) ടി തീയതി മുതൽ 3 വർഷത്തിനകം സമാപ്തീകരണ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. സമാപ്തീകരണ ഉദ്യോഗസ്ഥൻ എത്രയുംവേഗം ചുമതല ഏറ്റെടുത്ത് വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

ക്ഷീരവികസന വകുപ്പ് ഡെപ്യൂട്ടി
ഡയറക്ടറുടെ കാര്യാലയം,
തൃശ്ശൂർ.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ.